**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2426** — 08-05-2017 -ൽ മറുപടിക്ക്

**കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകുന്നതിന് റവന്യൂ വകുപ്പ് കൈക്കൊണ്ട നടപടി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പാറക്കൽ അബ്ദുല്ല** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | അതിരൂക്ഷമായ വരൾച്ചയിലും ശക്തമായ വേനൽ മഴയിലും ഉണ്ടായ കൃഷിനാശം റവന്യൂവകുപ്പ് പരിശോധിക്കുകയുണ്ടായോ; | എ) & ബി) | കൃഷിനാശം പരിശോധിക്കുന്നത് കൃഷി വകുപ്പിൽ നിക്ഷിപ്തമായ കർത്തവ്യമാണ്. കൃഷി വകുപ്പ് നൽകുന്ന റിപ്പോർട്ട് പരിശോധിച്ച് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി ആശ്വാസ ധനസഹായം ജില്ലാ കളക്ടർമാർ മുഖേന അനുവദിച്ച് നൽകുകയാണ് റവന്യൂ വകുപ്പ് ചെയ്യുന്നത്. സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡ പ്രകാരം കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകുവാൻ വ്യവസ്ഥയില്ല. വേനൽ മഴ ഒരു പ്രകൃതി ദുരന്തമല്ല. കൃഷി വകുപ്പിൽ നിന്നും ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് വരൾച്ച മൂലം 784.6 കോടി രൂപയുടെ കൃഷി നാശം ഉണ്ടായിട്ടുള്ളതായിട്ടാണ് 02.05.2017 വരെയുള്ള പ്രഥമ വിവര റിപ്പോർട്ട് പ്രകാരം കണക്കാക്കിയിട്ടുള്ളത്. ഏകദേശം 64707 കർഷകരുടെ 43430.43 ഹെക്ടർ കൃഷിയാണ് നശിച്ചത്. |
| ബി) | എങ്കിൽ എത്ര രൂപയുടെ കൃഷിനാശം ഈ രണ്ട് കാര്യങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനത്തുണ്ടായിട്ടുണ്ട്; | | |
| സി) | ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ; | സി) | അനുബന്ധമായി ചേർക്കുന്നു. |
| ഡി) | കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകുന്നതിന് റവന്യൂ വകുപ്പ് എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ? | ഡി) | സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം അനുസരിച്ച് ദുരിതാശ്വാസം മാത്രമാണ് അനുവദിക്കുവാൻ സാധിക്കുക. നഷ്ടപരിഹാരം നൽകാൻ വ്യവസ്ഥയില്ല. കൃഷി വകുപ്പ് ലഭ്യമാക്കുന്ന വിവരങ്ങൾക്കനുസരിച്ച് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അനുവദനീയമായ ആശ്വാസ സഹായം ജില്ലാ കളക്ടർമാർ മുഖേന അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

PRELIMINARY REPORT ON DISTRICT WISE CROP DAMAGE DUE TO DROUGHT 2017 - Report as on 02.05.2017

| SL. NO. | DISTRICT | Total area affected(ha) | No of farmers affected | ESTIMATED LOSS (Rs) | ASSISTANCE PROPOSED (Rs) | Remarks |
|---|---|---|---|---|---|---|
| 1 | Thiruvananthapuram | 593.95079 | 11504 | 377464750 | 49461015 | |
| 2 | Kollam | 1977.4255 | 5345 | 771584000 | 152312070 | |
| 3 | Alappuzha | 10413.44 | 8320 | 1230482500 | 166485050 | |
| 4 | Pathanamthitta | 1069.4329 | 933 | 258005250 | 35500580 | |
| 5 | Kottayam | 839.28723 | 3056 | 372033550 | 50336385.5 | |
| 6 | Idukki | 72.025534 | 517 | 23761500 | 2917400 | |
| 7 | Ernakulam | 136.99834 | 1085 | 28693550 | 4050770 | |
| 8 | Thrissur | 2674.6703 | 7250 | 308605500 | 41552505 | |
| 9 | Palakkad | 19234.745 | 18018 | 2087508600 | 284939115 | |
| 10 | Malappuram | 2700.5712 | 1986 | 582422750 | 78598450 | |
| 11 | Kozhikode | 55.638614 | 486 | 14716750 | 2446375 | |
| 12 | Wayanad | 1432.2 | 2761 | 619995000 | 72537800 | |
| 13 | Kannur | 2024.2014 | 2365 | 1109715300 | 168525650 | |
| 14 | Kasaragod | 205.84671 | 1081 | 61040900 | 12393025 | |
| TOTAL | | 43430.43 | 64707 | 7846029900 | 1122056190.5 | |